**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1313** **06-02-2020 ൽ മറുപടിക്ക്**

**പട്ടികവർഗ്ഗ പട്ടയവിതരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ. കെ.യു. ജനീഷ് കുമാർ<br>ശ്രീ. കെ.വി.വിജയദാസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ: | (എ) താലൂക്ക് തലത്തിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും. സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 1,31,138 പട്ടയങ്ങളും, 462 പട്ടികവർഗ്ഗ കൈവശരേഖകളും, 1128 വനാവകാശ രേഖകളും, 84 മുത്തങ്ങ കൈവശരേഖകളും മറ്റിനങ്ങളിലായി 288 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ലാന്റ് ട്രൈബ്യൂണലുകളിൽ നിലവിലുണ്ടായിരുന്ന കേസ്സുകൾ പരമാവധി തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) കേരളത്തിലെ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിച്ച കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നിരവധി നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കേസുകൾ 500 ൽ താഴെയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ജില്ലകളിലുണ്ടായിരുന്ന കേസുകൾ അതാത് ജില്ലകളിലെ മുഴുവൻ താലൂക്ക് തഹസിൽദാർമാർക്കും എൽ.റ്റിയുടെ ചുമതല നൽകി വീതിച്ചു നൽകുകയുണ്ടായി. ഈ ജില്ലകളിലുണ്ടായിരുന്ന ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്തു. |

കേസുകൾ കൂടുതലുള്ള വടക്കൻ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചിട്ടുള്ളതും അട്ടപ്പാടി മേഖലയിലെ പട്ടയം പ്രശ്നങ്ങൾ പരിഹരിക്കാൻ അട്ടപ്പാടി എൽ.എ സ്പെഷ്യൽ തഹസിൽദാർക്ക് എൽ.റ്റിയുടെ ചുമതല നൽകിയിട്ടുള്ളതും. എൽ.റ്റിയിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറുടെ കുറവ് പരിഹരിക്കാൻ എല്ലാ വില്ലേജ് ഓഫീസർമാരേയും റിപ്പോർട്ടിംഗ് ഓഫീസർമാരായി അധികാരപ്പെടുത്തി വിജ്ഞാപനം നടത്തിയിട്ടുള്ളതുമാകുന്നു. 1976 ലെ കാണം കടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ കാണം കടിയാന്മാർക്ക് എൽ.റ്റിയിൽ നിന്ന് പ്രത്യേകം പട്ടയം വാങ്ങേണ്ടതില്ലായെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതു വഴി 32000 കാണകടിയാന്മാരുടെ പട്ടയപ്രശ്നം പരിഹരിച്ചു. കേസുകൾ കൂടുതലുള്ള വടക്കൻ ജില്ലകളിൽ 15 സ്പെഷ്യൽ തഹസിൽദാർമാർക്ക് എൽ.റ്റിയുടെ അധിക ചുമതല നൽകിയിട്ടുള്ളതും ജീവനക്കാർക്ക് പരിശീലനങ്ങളും കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തൽ യോഗങ്ങളും നടത്തി വരുന്നതുമാകുന്നു. പഴയ രേഖകളും പട്ടയങ്ങളും എളുപ്പത്തിൽ ആവശ്യക്കാർക്ക് ലഭിക്കുന്നതിനായി എൽ.റ്റിയിലെ കേസ് റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. ഈ നടപടികളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 136787 കേസുകൾ തീർപ്പാക്കുകയും ആയതിൽ നിയമാനുസൃതം അർഹതയുള്ള 64674 ആളുകൾക്ക് ക്രയ സർട്ടിഫിക്കറ്റ് (പട്ടയം) നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ അവശേഷിക്കുന്നവർക്ക് കൂടി പട്ടയം നൽകുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹു. സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച 19000 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ വിതരണം ചെയ്യുവാൻ ശേഷിക്കുന്നതിൽ വാസയോഗ്യമെന്ന് കണ്ടെത്തിയിട്ടുള്ള മുഴുവൻ ഭൂമിയും പട്ടയം നൽകണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഭൂമിയുടെ കൈവശ രേഖയുള്ള അർഹതയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും ഉപാധിരഹിത പട്ടയം നൽകുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരം പട്ടികവർഗ്ഗക്കാരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനും പ്രസ്തുത ചട്ടപ്രകാരം പട്ടയത്തിന് അർഹതയുണ്ടായിട്ടും കൈവശരേഖ മാത്രം അനുവദിച്ചിട്ടുള്ള കേസുകളിൽ ആയത് റദ്ദ് ചെയ്ത് പട്ടയം നൽകുന്നതിന് 27.04.2017 ലെ സ.ഉ (സാധാ) 2023/2017/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും ആയത് അനുസരിച്ച് ജില്ലാ കളക്ടർമാർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**